# കുട്ടികള്ക്കായുള്ള ബൈബിൾ

അവതരണം



## ര് തവണ ജീവിച്ച പെൺകുട്ടി

എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗികരിച്ചത് : Ruth Klassen
Alastair Paterson
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ദൈവത്തെ ആരാധിക്കുകയും ദൈവവചനം മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്ത ഒരു യഹൂദ മതനേതാവായിരുന്നു യായീറോസ്. ഒരു ദിവസം യായീറോസിന്റെ ഭവനത്തിൽ വലിയൊരു കഷ്ടതയുായി. പന്ത്രു വയസ്സുള്ള തന്റെ പ്രിയ മകൾ രോഗ ബാധിതയായി. ആർക്കുമവളെ സഹായിക്കാനാവില്ലെന്നു തോന്നി. അതൊരു ഗുരുതരമായ രോഗമായിരുന്നു. അവൾ മരിക്കാറായെന്ന് യായീറോസിന് മനസ്സിലായി.




ഒരു വ്യക്തിക്കുമാത്രമെ യായീറോസിന്റെ മകളെ സഹായിക്കാനാവുകയുള്ളു. യേശുവിനെ ക് അവനെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊുവരാനായി യായീറോസ് പുറപ്പെട്ടു.
3
യായീറോസിന് അറിയാമായിരുന്നു തന്റെ മതക്കാരായ സുഹൃത്തുക്കൾ യേശുവിനെ അംഗീകരിച്ചിട്ടില്ലെന്ന്. എന്നാൽ യായീറോസ് അത് കാര്യമാക്കിയില്ല. തന്റെ മകൾ മരിക്കും മുമ്പേ അവന് സഹായം ലഭിച്ചെങ്കിലേ മതിയാകയുള്ളൂ.
4
യായീറോസ് യേശുവിനെ കപ്പോൾ അവനുചുറ്റും ധാരാളം ആളുകളു ായിരുന്നു. ഠയശുവിന്റെ കാല്പാദങ്ങളിൽ അവൻ മുട്ടുകുത്തി.
5
നിസ്സഹായനായ ആ മനുഷ്യൻ യാചിച്ചു: “എന്റെ പ്രിയപ്പെട്ട മകൾ മരിക്കാറായിരിക്കുന്നു. അങ്ങ് വന്ന് അവളുടെമേൽ കൈവെച്ച് അവളെ സൗഖ്യമാക്കണം. എന്നാൽ അവൾ ജീവിക്കും.”
6
യേശു യായീറോസിനോടൊപ്പം പോയി. ജനത്തിരക്കുമൂലം അവർക്ക് വേഗം നീങ്ങുവാനായില്ല. ഒരു സ്ത്രീ നീ പന്ത്ര് വർഷങ്ങൾ രോഗത്താൽ അങ്ങേയറ്റം പീഡിതയായിരുന്നു. അവൾ എല്ലാ ഡോക്ടർമാരുടെയും അടുത്തുപോയി (പണമെല്ലാം ചെലവഴിച്ചിട്ടും)ഒരു പ്രയോജനവുമുായില്ല. അവൾ യേശുവിനെ ഒന്നുകാണുവാൻ എത്രമാത്രം ആഗ്രഹിച്ചുവെന്നോ!
7
ആ സ്ത്രീക്ക് എന്തുചെയ്യാനാവും? “അവന്റെ വസ്ത്രങ്ങളിൽ ഒന്ന് തൊട്ടാൽ മാത്രം മതി, ഞാൻ സൗഖ്യമാകും,” അവൾ സ്വയം പറഞ്ഞു. തിരക്കിനിടയിലൂടെ നുഴഞ്ഞ്നുഴഞ്ഞ് അവൾ യേശുവിനടുത്തേക്ക് നീങ്ങി. ഒരു നിമിഷം അവൾ തന്റെ കൈകൾ നീട്ടി യേശുവിന്റെ വസ്ത്രത്തിൽ തൊട്ടു.
8



അത്ഭുതം! അത്ഭുതം! ആ സ്ത്രീ സൗഖ്യമായി. ഉടനടി! സമ്പൂർണമായി സൗഖ്യമായി! തനിക്ക് ബലം കിട്ടിയെന്നും സൗഖ്യമായെന്നും അവൾ മനസ്സിലാക്കി. ഉടനെ ഒരു ശബ്ദമുയർന്നു. യേശു ചോദിച്ചു: "എന്നെ തൊട്ടത് ആരാണ്?" ജനക്കൂട്ടം അവനെ തിക്കിത്തിരക്കിയിരുന്നു. സൗഖ്യമായ സ്ത്രീക്ക് മനസ്സിലായി താൻ തന്നെ അത് കർത്താവിനോട് പറയണമെന്ന്. വിറെച്ചുംകൊ് ആ സ്ത്രീ സംഭവമെല്ലാം അവനോട് പറഞ്ഞു.

9



അപ്പോൾതന്നെ യായീറോസിന്റെ വീട്ടിൽനിന്ന് സേവകർ വന്നു. അവർ എന്തെങ്കിലും പറയും മുമ്പു തന്നെ അവരുടെ മുഖഭാവം ദുഃഖവാർത്ത വിളിച്ചറിയിച്ചു. അവർ പറഞ്ഞു: "നിന്റെ മകൾ മരിച്ചുപോയി." മരിച്ചെന്നോ! വളരെ താമസിച്ചുപോയിരിക്കുന്നു. ആ സ്ത്രീ ഇടയ്ക്കുവന്ന് താമസിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ, എങ്കിൽ.... പക്ഷേ, ... മരിച്ചല്ലോ! യായീറോസിന്റെ പൊന്നുമോൾ പൊയ്ക്കഴിഞ്ഞിരുന്നു.

10



യേശു അതുകേട്ടപ്പോൾ ഉത്തരം പറഞ്ഞു: "ഭയപ്പെടേ, വിശ്വസിക്കമാത്രം ചെയ്ക; എന്നാൽ അവൾ രക്ഷപ്പെടും." യേശു ഈ പറഞ്ഞത് വിശ്വസിക്കാൻ യായീറോസ് ഏറെ ബുദ്ധിമുട്ടിക്കാണും. കാരണം തന്റെ മകൾ മരിച്ചുകഴിഞ്ഞല്ലോ.

11



വീട്ടിൽ എല്ലാവരും കരയുകയും മുറയിടുകയും ചെയ്യുകയായിരുന്നു. യേശു പറഞ്ഞു "അവൾ മരിച്ചില്ല, ഉറങ്ങുന്നതേയുള്ളു." അവർ അവനെ പരിഹസിച്ചു. പെൺകുട്ടി മരിച്ചുപോയെന്ന് അവർക്കറിയാമായിരുന്നു.

12



യേശു അവരെയെല്ലാം പുറത്താക്കി, അവളുടെ കൈക്കുപിടിച്ച്, "ബാലേ, എഴുന്നേല്ക്ക" എന്നു പറഞ്ഞു. യായീറോസ് അവിടെയുായിരുന്നു. അവന്റെ ഭാര്യയും അവിടെയുായിരുന്നു. യേശുവിന്റെ മൂന്ന് ശിഷ്യന്മാരും ഉായിരുന്നു. യേശു പറഞ്ഞ വാക്കുകൾ അവർ കേട്ടു. മരിച്ചുപോയ ആ പെൺകുട്ടിയും ആ വാക്കുകൾ കേൾക്കുമോ?

13



മരിച്ചുപോയ ആ പെൺകുട്ടി യേശുവിന്റെ കല്പന കേട്ടു! അവളുടെ ആത്മാവ് മടങ്ങിവന്നു.

അവൾ ഉടനെ എഴുന്നേറ്റു. യേശു അവളെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു.

14

പെൺകുട്ടിയുടെ മാതാപിതാക്കൾ അത്ഭുതസ്തബ്ദരായിപ്പോയി. കുട്ടിക്ക് ഭക്ഷണം കൊടുപ്പാൻ യേശു കല്പിച്ചു. അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. യേശുവിനോട് അവർക്ക് ഏറെ കടപ്പാടു തോന്നി. അവന്റെ അത്ഭുതകരമായ സ്നേഹവും ശക്തിയും അവരുടെ മകളെ മരണത്തിൽനിന്ന് തിരികെ കൊുവന്നുവല്ലോ.





ര് തവണ ജീവിച്ച പെൺകുട്ടി

## ദൈവവചനത്തില് നിന്നും ഒരു കഥ.

## ബൈബിളില് നിന്നുംഎടുത്തത്.

മർക്കൊസ് 5, ലൂക്കൊസ് 8

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130



# അവസാനം

49 60



അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16